**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 450** **10-02-2025-ൽ മറുപടിയ്ക്ക്**

**സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ് ശ്രീ. വി. ഡി. സതീശൻ

ശ്രീ. പി. സി. വിഷ്ണുനാഥ് (മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ എത്ര തവണ സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

**മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ച ക്ഷാമബത്ത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കാണാവുന്നതാണ്.**

| വിഭാഗം | അനുവദിച്ച ക്ഷാമബത്ത (%) | പണമായി നൽകി തുടങ്ങിയ തീയതി | അർഹതയുള്ള തീയതി | കുടിശ്ശിക (മാസം) |
|---|---|---|---|---|
| യുജിസി/എ.ഐ.സി. റ്റി.ഇ/മെഡിക്കൽ വിദ്യാഭ്യാസം സ്കീമിലുള്ള ജീവനക്കാർ | 14% | 01.04.2024 | 01.07.2021 | 33 |
| | 3% | 01.10.2024 | 01.01.2022 | 33 |
| മറ്റ് സംസ്ഥാന സർക്കാർ ജീവനക്കാർ | 2% | 01.04.2024 | 01.01.2021 | 39 |
| | 3% | 01.10.2024 | 01.07.2021 | 39 |

**ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.**

**(ബി)** പ്രഖ്യാപിച്ച ക്ഷാമബത്തയിൽ എത്ര നാളത്തെ കുടിശ്ശികയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത കുടിശിക എന്ന് നൽകുമെന്ന് വ്യക്തമാക്കാമോ;

**മറുപടി: ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനുവദിച്ച ക്ഷാമബത്ത സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ കാണാവുന്നതാണ്.**

| | | പണമായി നൽകി തുടങ്ങിയ തീയതി | അർഹതയുള്ള തീയതി | കുടിശ്ശിക (മാസം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| വിഭാഗം | അനുവദിച്ച ക്ഷാമബത്ത (%) | | | |
| യുജിസി/എ.ഐ.സി.റ്റി.ഇ/മെഡിക്കൽ വിദ്യാഭ്യാസം സ്കീമിലുള്ള ജീവനക്കാർ | 14% | 01.04.2024 | 01.07.2021 | 33 |
| | 3% | 01.10.2024 | 01.01.2022 | 33 |
| മറ്റ് സംസ്ഥാന സർക്കാർ ജീവനക്കാർ | 2% | 01.04.2024 | 01.01.2021 | 39 |
| | 3% | 01.10.2024 | 01.07.2021 | 39 |

**ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കൂടി പരിഗണിച്ച് കൊണ്ട് ഉചിതമായ തീരുമാനം കൈകൊള്ളുന്നതാണ്.**

**(സി)** നിലവിൽ എത്ര മാസത്തെ ക്ഷാമബത്ത കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

**മറുപടി: എല്ലാ വർഷവും ജനവരി 1, ജൂലൈ 1 തീയതി പ്രാബല്യത്തിൽ ആണ് കേന്ദ്ര സർക്കാർ ക്ഷാമബത്ത പ്രഖ്യാപിക്കുന്നത്. ഇതിന്റെ ചുവട് പിടിച്ച് പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ഫോർമുല പ്രകാരം കണക്കാക്കുന്ന ക്ഷാമബത്തയാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്നത്. യുജിസി/എ.ഐ.സി.റ്റി.ഇ/മെഡിക്കൽ വിദ്യാഭ്യാസം സ്കീമിലുള്ള ജീവനക്കാർക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന നിരക്കിലാണ് ക്ഷാമബത്ത അനുവദിക്കുന്നത്.**

**(ഡി)** ക്ഷാമബത്ത വർദ്ധിപ്പിച്ച ഉത്തരവിൽ കുടിശിക എന്ന് നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ടോ?

**മറുപടി: വർദ്ധിപ്പിച്ച ക്ഷാമബത്ത യഥാക്രമം 01.04.2024, 01.10.2024 എന്നീ തീയതി മുതൽ നൽകാനാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.**

**സെക്ഷൻ ഓഫീസർ**